# സെന്റ് ജോസഫ് ഐ.റ്റി.ഐ.

1961 ൽ സെന്റ് ജോസഫ് ഐ.റ്റി.ഐ. സ്ഥാപിതമായി. 1961 മുതൽ കമ്പ്യൂട്ടർ, സ്റ്റീൽ ഫാബ്രിക്കേഷൻ, വെൽഡിംഗ്, സ്പ്രേ പെയിന്റിംഗ് എന്നീ ഹ്രസ്വകാല ട്രേഡുക ളോടുകൂടി ആരംഭിച്ചു. 2002 ൽ കേന്ദ്ര സർക്കാരിന്റെ എൻ.സി.വി.റ്റി. അംഗീകാരത്തോ ടുകൂടി ഡീസൽ മെക്കാനിക് കോഴ്സ് ആരംഭിച്ചു. പഠിച്ചിറങ്ങിയ എല്ലാവരും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലും വിദേശരാജ്യങ്ങളിലും പ്രശസ്തമായ കമ്പനികളിൽ ജോലി ചെയ്തുവരുന്നു.

## അദ്ധ്യാപകർ

ഉന്നത വിദ്യാഭ്യാസവും സാങ്കേതിക പഠനവുമുള്ള പ്രഗത്ഭരായ അദ്ധ്യാപകർ സേവനം ചെയ്യുന്നു.

## അടിസ്ഥാന സൗകര്യങ്ങൾ

പഠനത്തിനും സാങ്കേതിക പരിശീലനത്തിനും ആവശ്യമായ ക്ലാസുമുറികൾ, പൊതുപരി പാടികൾക്കുള്ള ഓഡിറ്റോറിയം, അകലനിന്നുള്ള വിദ്യാർത്ഥികൾക്കായി ഹോസ്റ്റൽ സൗക ര്യം, റെയിൽ മാർഗ്ഗവും റോഡ് മാർഗ്ഗവും എത്തിച്ചേരുവാനുള്ള സൗകര്യം.

# പരിശീലന ട്രേഡുകൾ

ഈ സ്ഥാപനം വിജയപുരം രൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ അധീ നതയിൽ അച്ചടക്കത്തോടും ഉത്തരവാദിത്വത്തോടും കൂടി ഉന്നത നിലവാരത്തിൽ നടത്തപ്പെടുന്ന സ്ഥാപനമാണ്.

മെട്രിക്:
**മെക്കാനിക്ക്** (ഡീസൽ) ഒരു വർഷം

### 1. പ്രവേശന യോഗ്യതകൾ

a) പരിശിലനത്തിനാഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ആഗസ്റ്റ് 1 ന് 15 വയസ്സ് പൂർത്തിയാ യവരും 40 വയസ്സ് കവിയാത്തവരുമായിരിക്കണം.

b) മെക്കാനിക്കൽ ഡീസൽ ട്രേഡിലേക്ക് അടിസ്ഥാനയോഗ്യത എസ്. എസ്. എൽ. സി. പാസ്സ് ആയിരിക്കും.

c) പി. ഡി. സി യോ മറ്റ് ഉയർന്ന യോഗ്യതയോ ഉള്ളവർക്ക് മുൻഗണന നൽകുന്നതാ യിരിക്കും.

2. a) അഡ്മിഷൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഇന്റർവ്യൂവിനു ഹാജരാകേണ്ടതും തത്സമയം വിദ്യാഭ്യാസയോഗ്യത തെളിയിക്കുന്നതിനുമുള്ള സർട്ടിഫിക്കറ്റുകളും, സ്വഭാ വസർട്ടിഫിക്കറ്റ്, ടി. സി. എന്നിവയും ഹാജരാക്കേണ്ടതാണ്.

b) രക്ഷകർത്താവിനെ കൂടാതെ വരുന്ന കുട്ടികൾക്ക് അഡ്മിഷൻ നൽകുന്നതല്ല

3. ഇന്റർവ്യൂവിൽ വിജയിക്കുന്ന കുട്ടികൾ, നിശ്ചയിക്കപ്പെട്ടിരിക്കുന്ന ഫീസ് അടച്ചു രസീത് വാങ്ങേണ്ടതാണ്.

4. അഡ്മിഷൻ സംബന്ധിച്ച് മുകളിൽ ചേർത്തിരിക്കുന്ന നിബന്ധനകൾക്ക് യാതൊരു ഇളവും അനുവദിക്കുന്നതല്ല. കാരണം കാണിക്കാതെ തന്നെ അഡ്മിഷൻ നിരസി ക്കുവാൻ പ്രിൻസിപ്പാളിന് അധികാരമുണ്ടായിരിക്കും.

5. പ്രവേശനത്തിനായി മുകളിൽ സൂചിപ്പിട്ടുള്ള സർട്ടിഫിക്കറ്റുകളുടെ അസ്സൽ ഓഫീ സിൽ ഏൽപ്പിക്കേണ്ടതാണ്. ഇവ പരിശീലന കാലാവധി പൂർത്തിയായതിനുശേഷമേ തിരികെ നൽകുകയുള്ളൂ.

6. ഇടക്കുവച്ച് പഠനം അവസാനിപ്പിക്കുന്ന വിദ്യാർത്ഥികൾക്ക് നിയമാനുസൃതം സെന്റ റിൽ അടയ്ക്കേണ്ട ഫീസുകൾ മുഴുവനായും ഓഫീസിൽ അടച്ചെങ്കിൽ മാത്രമേ സർട്ടിഫിക്കറ്റുകൾ തിരികെ നൽകുകയുള്ളൂ.

7. ഫീസ് കുടിശ്ശിക വരുത്തുന്ന കുട്ടികൾക്ക് അടുത്തമാസം 50/- രൂപ ഫൈനോടു കൂടി 10-ാം തീയതി വരെയും, 100/- രൂപ ഫൈനോടുകൂടി മാസാവസാനം വരെയും ഫീസ് അടയ്ക്കാവുന്നതാണ്. ഇതിനും സാധിക്കാതെ വന്നാൽ ക്ലാസിൽ പ്രവേശനാനുമതി നിഷേധിക്കുന്നതാണ്.

8. തുടർച്ചയായി 15 ദിവസം മതിയായ കാരണം കൂടാതെ ക്ലാസിൽ ഹാജരാകാതെ വരുന്ന കുട്ടികളുടെ പേര് രജിസ്റ്ററിൽ നിന്നും നീക്കം ചെയ്യുന്നതാണ്.

9. പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾ ഈ സ്ഥാപനത്തിലെ നിലവിലുള്ള ചട്ട ങ്ങൾക്ക് വിധേയമായി പരിശീലനം പൂർത്തീകരിച്ചുകൊള്ളാമെന്ന് രക്ഷകർത്താവു കൂടി ചേർന്ന് ഒരു സമ്മതപത്രം ഒപ്പിട്ടു നൽകേണ്ടതാണ്. തെരഞ്ഞെടുക്കപ്പെടുന്ന വർ പ്രിൻസിപ്പൽ നിർദ്ദേശിക്കുന്ന യൂണിഫോറവും ഉപകരണങ്ങളും വാങ്ങി ഉപ യോഗിക്കുവാൻ ബാധ്യസ്ഥരാണ്.

10. കോഴ്സുകൾ പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് ഓഫ് ഇന്ത്യ (എൻ.സി.വി.റ്റി) യുടെ പരീ ക്ഷയ്ക്കു ചേരാവുന്നതും അതിൽ വിജയിക ളാകുന്നവർക്ക് ഇന്ത്യാ ഗവൺമെന്റി ന്റെയും സ്റ്റേറ്റ് ഗവൺമെന്റി ന്റെയും സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതുമായിരി ക്കും.

